**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3138** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. അൻവർ സാദത്ത്, ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങൾ അടക്കമുള്ള സ്ഥലങ്ങളിൽ ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണം തടസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പൈപ്പ്‌ലൈനുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴും വൈദ്യുതി വിതരണത്തിൽ വരുന്ന തടസ്സങ്ങൾ മൂലവും റോഡ് നവീകരണം പോലുള്ള പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോഴും, പമ്പ് ഹൗസുകളിൽ വലിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്ന ഘട്ടങ്ങളിലോ, വാൽവുകൾ മുതലായ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട ഘടകങ്ങൾക്ക് അറ്റകുറ്റ പണികൾ ചെയ്യുമ്പോഴോ മാറ്റി സ്ഥാപിക്കുമ്പോഴോ എല്ലാം ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. ഇവ ശ്രദ്ധയിൽപെട്ടാൽ അത് എത്രയും പെട്ടെന്ന് പരിഹരിച്ച് ശുദ്ധജല വിതരണം പുന:സ്ഥാപിക്കാറുണ്ട്. പ്രിവന്റീവ് മെയിന്റനൻസിന്റെ ഭാഗമായും ടാങ്കുകൾ വൃത്തിയാക്കുമ്പോഴുമെല്ലാം ജലവിതരണം തടസ്സപ്പെടാറുണ്ടെങ്കിലും ഇത്തരം ആസൂത്രിത പ്രവൃത്തികൾക്ക് മുന്നേ പൊതു ജനങ്ങൾക്ക് വേണ്ട മുൻകരുതലുകൾ കൈക്കൊള്ളാൻ അറിയിപ്പ് നൽകാറുണ്ട്. |
| (ബി) | തിരുവനന്തപുരം നഗരത്തിലടക്കം നിരവധി ദിനങ്ങളിൽ കുടിവെള്ളം മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രധാനമായും കാലപ്പഴക്കം ചെന്ന HDPE, പ്രീമോ മുതലായ പൈപ്പുകളിൽ ഉണ്ടാകുന്ന ചോർച്ച കാരണമാണ് കുടിവെള്ള വിതരണത്തിൽ തടസ്സങ്ങൾ വരുന്നത്. ഇത് കാരണം കുടിവെള്ള വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും പരമാവധി വേഗത്തിൽ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കി ജല വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ നഗര സഭയുമായി സംയുക്തമായി ടാങ്കർ ലോറികളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ജലവിതരണം നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സാഹചര്യം ആവർത്തിക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ജല വിതരണവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പൈപ്പ് ലൈനുകളിലെ ചോർച്ചകൾ വളരെ വേഗം കണ്ടെത്തി പരിഹരിക്കുവാൻ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വിവിധ ങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടുകൾ ലഭിക്കുന്ന മുറക്ക്, പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഇടാനും, പുതിയ പമ്പ്സെറ്റുകൾ, വാൽവ് എന്നിവ സ്ഥാപിക്കാനും നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രിവന്റീവ് മെയിന്റനൻസ് കൃത്യമായി നടത്തുവാൻ ശ്രദ്ധിക്കുന്നുണ്ട്. ഷെഡ്യൂൾഡ് മെയിന്റനൻസ് നടത്തേണ്ട സാഹചര്യങ്ങളിൽ കൃത്യമായ അറിയിപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ